## Athmaraksha.org

സന്ദേശം : അഭിഷിക്തർ, സമർപ്പിതർ, മിഷനറികൾ

# മിഷനറിമാർ പരിശുദ്ധാത്മാവിന്റെ ശബ്ദം തിരിച്ചറിയണം : ഫ്രാൻസിസ് പാപ്പ



പ്രേഷിതപ്രവർത്തനം അത്ര എളുപ്പമുള്ള ജോലിയല്ലെന്ന് ഫ്രാൻസിസ്പാപ്പാ വത്തിക്കാ നിലെ പോൾ ആറാമൻ ഹാളിൽ പാരിഷ് ഇവാഞ്ചലൈസിങ്ങ് സെൽ മൂവ്മെന്റിലെ പ്രവ ർത്തകരോടു സംസാരിക്കുകയായിരുന്ന അദ്ദേഹം.
'ഒരു മിഷനറിയാകണമെങ്കിൽ ആദ്യം നാം പരിശുദ്ധാത്മാവിന്റെ ശബ്ദം തിരിച്ചറിയണം. സുവിശേഷവത്കരണത്തിന്റെ കേന്ദ്രബിന്ദു പരിശുദ്ധാത്മാവാണ്. ഇടവകകൾ ഒരു കൂട്ടായ്മയായി സുവിശേഷവത്കരണദൗത്യത്തിൽ പങ്കുചേരണം' ഫ്രാൻസിസ് പാപ്പാ പറഞ്ഞു. കുടുംബങ്ങളും സുവിശേഷ വത്കരണത്തിന്റെ വേദിയാക്കണമെന്ന് പാപ്പാ കൂട്ടിച്ചേർത്തു.

തെക്കൻ കൊറിയയിലാണ് പാരിഷ് ഇവാഞ്ചലൈസിങ്ങ് സെൽ മൂവ്മെന്റ് രൂപീകൃതമാകുന്നത്. ഇന്ന് അമേരിക്ക, ഇറ്റലി, അയർലന്റ്, ആസ്ട്രേലിയ എന്നിവിടങ്ങളിലും സംഘടനയുടെ പ്രവർത്തനം വ്യാപിച്ചിട്ടുണ്ട്.